നിബന്ധനകൾക്ക് വിരുദ്ധമായി പണം കൈവശംവച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടി

126 [2862] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അച്ചടി വകുപ്പിലെ ഏതെല്ലാം ഉദ്യോഗസ്ഥർ കൈപ്പറ്റിയ അഡ്വാൻസ് തുക ക്രമീകരിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഉദ്യോഗസ്ഥർ വാങ്ങിയ അഡ്വാൻസ് തുക എത്രയെന്നും, എന്നാണ് ഈ തുക കൈപ്പറ്റിയിരിക്കുന്നതെന്നു വെളിപ്പെടുത്താമോ;

(സി) അഡ്വാൻസുകൾ വാങ്ങിയാൽ എത്ര നാളുകൊണ്ട് ഇത് ക്രമീകരിക്കണമെന്നാണ് നിബന്ധന;

(ഡി) നിബന്ധനകൾക്ക് വിരുദ്ധമായി സർക്കാർ പണം കൈവശം വച്ച ഉദ്യോഗസ്ഥരിൽ നിന്നും പലിശ സഹിതം പ്രസ്തുത തുക വസൂലാക്കാനുള്ള നടപടി സ്വീകരിക്കുമോ;

(ഇ) ഈ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ അച്ചടക്ക നടപടികളാണ് സ്വീകരിക്കുവാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തിരുവനന്തപുരം ഗവൺമെന്റ് പ്രസ്സ് ഡെപ്യൂട്ടി സൂപ്രണ്ടായ ശ്രീ. ബി. രഘുനാഥ് 5 തവണയായി വാങ്ങിയ 62,000 രൂപയും എസ്. രാധാകൃഷ്ണൻ, ഡെപ്യൂട്ടി സൂപ്രണ്ട് ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം, കെ. പി. മണിലാൽ, അസിസ്റ്റന്റ് സൂപ്രണ്ട്, ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട് എന്നിവർ യഥാക്രമം 25000 രൂപയും 20,000 രൂപയും ക്രമീകരിക്കുവാനുണ്ട്.

(ബി) ശ്രീ. ബി. രഘുനാഥ് 6-3-1996-ൽ 20,000 രൂപ, 19-3-1997-ൽ 10,000, 7-6-2002-ൽ 2,000, 7-6-2002-ൽ 5000, 29-5-2003-ൽ 25,000 രൂപയും, ശ്രീ. കെ. എസ്. രാധാകൃഷ്ണൻ 16-6-2000-ൽ 25,000, ശ്രീ. കെ. പി. മണിലാൽ 16-9-2000-ൽ 20,000 രൂപയും അഡ്വാൻസായി കൈപ്പറ്റിയിട്ടുണ്ട്.

(സി) മൂന്നു മാസത്തിനകം ക്രമീകരിക്കണമെന്നാണ് നിബന്ധന.

(ഡി) സ്വീകരിക്കുന്നതാണ്.

(ഇ) ബന്ധപ്പെട്ട ചട്ടങ്ങൾ അനുസരിച്ചുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly